# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1145. 13.12.2012 –ലെ മറുപടിക്ക്.**

## എച്ച്. എസ്. എസ്. റ്റി (ബോട്ടണി) ഒഴിവുകൾ

**ചോദ്യം**
ശ്രീ. മോൻസ് ജോസഫ്

**ഉത്തരം**
ശ്രീ. പി. കെ. അബ്ദുറബ്ബ്.
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | എച്ച്. എസ്. എ. അധ്യാപകരിൽ നിന്നും ബൈട്രാൻസ്ഫർ വഴി എച്ച്.. എസ്. എസ്. റ്റി ജൂനിയർ, സീനിയർ (ബോട്ടണി) സബ്ജക്ടിൽ നിയമനം നൽകുന്നതിന് 15–11–2012–ൽ പ്രസിദ്ധീകരിച്ച പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ നിലവിൽ എച്ച്.. എസ്. എസ്. റ്റി. ജൂനിയർ ബോട്ടണിയിൽ ജോലിചെയ്യുന്നവരെ ഉൾപ്പെടുത്തിയത് ഏത് ഓർഡറിന്റെ അടിസ്ഥാനത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | എച്ച്. എസ്. എസ്. ടി (ജൂനിയർ) ബോട്ടണി ഒഴിവുകളിലേക്ക് ബൈട്രാൻസ്ഫർ നിയമനം നൽകാനാണ് യോഗ്യരായ HSA/UPSA/LPSA മാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചത്. ബോട്ടണി വിഷയത്തിൽ സീനിയർ തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനത്തിന് (HSA/UPSA/LPSA) മാരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടില്ല. |
| (ബി) | നിലവിൽ എച്ച്. എസ്. എസ്. റ്റി. ജൂനിയർ ആയി ജോലിചെയ്യുന്നവർ സീനിയോറിറ്റി ലിസ്റ്റിൽ ആദ്യ റാങ്കുകളിൽ വരുകയും തുടർന്ന് റീലിംഗ്വിഷ് ചെയ്യുകയും ചെയ്യുമ്പോൾ നിയമന നടപടികളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ബി) | നിലവിൽ എച്ച്. എസ്. എസ്. ടി (ജൂനിയർ) ബോട്ടണി തസ്തികയിൽ ജോലിചെയ്യുന്നവരെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതാണ്. |
| (സി) | 1.08.2008 മുതൽ 13 .03 .2012 വരെ എച്ച്. എസ്. എസ്. റ്റി. ബോട്ടണി നിയമനത്തിനായി സീനിയർ ആന്റ് | (സി) | 01.08.2008 മുതൽ 13.03.2012 വരെയുള്ള കാലയളവിൽ 95 എച്ച്. എസ്. എസ്. ടി (ജൂനിയർ) |

| | | |
|---|---|---|
| | ജൂനിയർ എത്ര ഒഴിവുകൾ പി.എസ്സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ആകെ എത്ര വേക്കൻസിയാണ് ബൈട്രാൻസ്ഫർവഴി നിയമനത്തിനായി മാറ്റിവച്ചിട്ടുളളത് ; | ബോട്ടണി ഒഴിവുകളാണ് പി.എസ്.സിക്കു റിപ്പോർട്ട് ചെയ്തിട്ടുളളത്. പി.എസ്.സിക്കു റിപ്പോർട്ട് ചെയ്യേണ്ടതായ സീനിയർ ഒഴിവുകൾ ഈകാലയളവിൽ ഉണ്ടായിട്ടില്ല. (HSA/UPSA/LPSA) മാരിൽ നിന്നുള്ള ബൈട്രാൻസ്ഫർ നിയമനത്തിനായി 13 എച്ച്. എസ്. എസ്. ടി (ജൂനിയർ) ബോട്ടണി തസ്തികകളാണ് മാറ്റി വെച്ചിട്ടുള്ളത്. എച്ച്. എസ്. എസ്. ടി (സീനിയർ) തസ്തികയിൽ 22 ഒഴിവുകളാണ് കണക്കാക്കപ്പെട്ടിട്ടുളളത്. സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ പ്രമോഷൻ വഴിയാണ് ഈ ഒഴിവുകൾ നികത്തുക. |
| (ഡി) | നിലവിൽ സംസ്ഥാനത്ത് എച്ച് എസ്. എസ്. ടി . ജൂനിയർ ബോട്ടണിയിൽ പി. എസ്. സി. വഴി നേരിട്ട് നിയമനം ലഭിച്ചവരുടേയും ബൈട്രാൻസ്ഫർ വഴി നിയമനം ലഭിച്ചവരുടേയും എണ്ണം വ്യക്തമാക്കാമോ; | എസ്. എസ്. ടി (ജൂനിയർ) ബോട്ടണി തസ്തികയിൽ പി. എസ്. സി വഴി നേരിട്ട് നിയമനം ലഭിച്ച 287 പേരും ബൈട്രാൻസ്ഫർ വഴി നിയമനം ലഭിച്ച 86 പേരുമാണ് നിലവിലുള്ളത് 13 ഒഴിവുകൾ ബൈട്രാൻസ്ഫർ നിയമനത്തിനായി നീക്കി വെച്ചിരിക്കുന്നു. ബാക്കിയുള്ളവ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ( ഇ ) | എച്ച്. എസ് . എസ് . ടി . യിൽ ബൈട്രാൻസ്ഫർ നിയമനത്തിന് ഇപ്പോൾ എത്ര വേക്കൻസി നിലവിലുണ്ട്; ജൂനിയർ/സീനിയർ കണക്ക് വ്യക്താമാക്കുമോ; | എച്ച്. എസ്.എസ്.ടി (ജൂനിയർ) ബോട്ടണി തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനത്തിന് 13 ഒഴിവുകളാണുള്ളത്. എച്ച്.എസ്. എസ്.ടി. (സീനിയർ) ബോട്ടണി തസ്തികയിലെ 22 ഒഴിവുകൾ എച്ച്. എസ്.എസ്.ടി |

| | | | |
|---|---|---|---|
| | | | (ജൂനിയർ) ബോട്ടണി തസ്തികയി ലുള്ള അദ്ധ്യാപകരുടെ പ്രമോഷനായി മാറ്റി വച്ചിരിക്കുന്നു. |
| (എഫ്) | കേരളത്തിൽ എച്ച്. എസ്. എസ്. റ്റി. ബോട്ടണിയുടെ ജൂനിയർ/ സീനിയർ സാങ്ഷൻഡ് പോസ്റ്റ് എത്രയെന്ന് വ്യക്തമാക്കുമോ? | (എഫ്) | എച്ച്. എസ്.എസ്.ടി (ജൂനിയർ) ബോട്ടണി -397<br>എച്ച്. എസ്. എസ്. ടി (സീനിയർ) ബോട്ടണി-297 |

സെക്ഷൻ ഓഫീസർ.